(ബി) പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ നാല് പ്രതിവാര ഭാഗ്യക്കുറികൾ തന്നെയാണ് നടത്തിവരുന്നത്. ലോട്ടറികൾ പുനഃസംവിധാനിച്ചതിന് ശേഷം ആദ്യ നറുക്കെടുപ്പ് 10-5-2005-ൽ ആണ് നടന്നത്. പ്രസ്തുത തീയതി മുതൽ പ്രതിമാസ വരുമാനം (വിറ്റുവരവ്) 18.7 കോടി രൂപയാണ്.

**ഭാഗ്യക്കുറി ടിക്കറ്റിന് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം**

38 [217] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി നിരോധിച്ച കാലയളവിൽ സർക്കാരിന് എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ടിക്കറ്റ് വിൽപന ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) കണക്കാക്കിയിട്ടില്ല.

(ബി) 2005-ലെ കേരള പേപ്പർ ലോട്ടറീസ് (റഗുലേഷൻ) റൂൾസ് പ്രകാരം സംസ്ഥാന/കേന്ദ്ര ഗവൺമെന്റുകളുടെ നിയന്ത്രണത്തിന് വിധേയമായി സാധ്യതയുള്ള വ്യക്തികൾക്കോ, പാർട്ട്ണർഷിപ്പുകൾക്കോ, കമ്പനികൾക്കോ ആണ്, ഭാഗ്യക്കുറി ടിക്കറ്റ് വിൽക്കുവാനുള്ള ഏജൻസി, ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ നൽകുന്നത്. അതിനായി 400 രൂപ ഫീസ് നൽകുകയും, ഫാറം 11-ൽ അപേക്ഷ സമർപ്പിക്കുകയും വേണം. അത്തരത്തിൽ ഏജൻസി ലഭിച്ചവർക്ക് തുടർന്നു വരുന്ന കലണ്ടർ വർഷം അവസാനിക്കുന്നതിനു മുൻപ് 100 രൂപ അടച്ച് ഏജൻസി പുതുക്കാവുന്നതുമാണ്.

**കെ. എഫ്. സി.-യിൽനിന്നും ലോൺ കിട്ടുന്നതിനുള്ള മാനദണ്ഡം**

39 [218] *ശ്രീ. എ. സുജനപാൽ:*
" *കെ. എ. ചന്ദ്രൻ:*
" *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ തുക കാലാവധിക്ക് മുൻപ് അടച്ചു തീർക്കുന്നതിനും ഈടുവച്ച് ഭൂമി തിരികെ കിട്ടുന്നതിനും വേണ്ട നടപടിക്രമം വ്യക്തമാക്കാമോ;

(ബി) കെ. എഫ്. സി.യിൽ നിന്നെടുക്കുന്ന വായ്പ കാലാവധിക്കു മുൻപ് അടച്ചു തീർക്കുന്നവർ പ്രീമിയം എന്ന പേരിൽ ഒരു തുക കൂടി അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതെന്തിനെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലാവധിക്കുമുൻപ് അടച്ചു തീർക്കുന്ന വായ്പാ തുക പലിശ സഹിതം അടച്ചു തീർത്ത തീയതി മുതൽ കരാർ കാലാവധി വരെയുള്ള പലിശ പ്രീമിയമെന്ന പേരിൽ ഈടാക്കുന്ന രീതി അവസാനിപ്പിക്കുമോ?

*ഉത്തരം*

(എ) കേരള മിനറൽസ് ആൻഡ് മെറ്റൽസ് കോർപ്പറേഷൻ ദീർഘകാലവായ്പകളാണ് നൽകുന്നത്. കാലാവധിക്കു മുൻപ് മുതലും അന്നുവരെയുള്ള പലിശയും അടച്ചു കണക്കു തീർക്കാവുന്നതാണ്. കൂടാതെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ നിയമപ്രകാരം സർക്കാരിലേക്കു ലഭിക്കുവാനുള്ള റിക്കവറി ചാർജ്ജുകളും അടയ്ക്കേണ്ടതാണ്. ചില പ്രിഭാഗം വായ്പകൾ ബാങ്കുകളോ മറ്റു സ്ഥാപനങ്ങളോ ഏറ്റെടുക്കുകയാണെങ്കിൽ പ്രീമിയം കൂടി അടയ്ക്കേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയായാൽ ഉടനെതന്നെ ഈടുവച്ച വസ്തുക്കളുടെ പ്രമാണങ്ങൾ തിരിച്ചുകൊടുക്കുന്നതാണ്.

(ബി) ചില പ്രിഭാഗം വായ്പകൾ (സ്റ്റാൻഡേർഡ്, സബ് സ്റ്റാൻഡേർഡ്) കാലാവധിക്കു മുൻപ് ബാങ്കുകളോ മറ്റു സ്ഥാപനങ്ങളോ ഏറ്റെടുക്കുകയാണെങ്കിൽ ഒരു തുക പ്രീമിയം ആയി ഈടാക്കുന്നുണ്ട്. ഇടപാടുകാർക്ക് വായ്പകൾ നൽകാൻ ആവശ്യമായിട്ടുള്ള ധനം കെ. എം. സി. സമാഹരിക്കുന്നത് സിഡ്ബി, ബാങ്കുകൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, റിസർവ്വ് ബാങ്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള എസ്. എൽ. ആർ. കടപ്പത്രങ്ങൾ (ബോണ്ട്) വഴിയും ആണ്. മേൽപ്പറഞ്ഞ വായ്പകളും കടപ്പത്രങ്ങളും ദീർഘകാലാവധിയുള്ളതും (എട്ടു മുതൽ 20 വർഷം വരെ) നിശ്ചിത ശതമാനം പലിശയുള്ളതുമാണ്. സിഡ്ബി, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സ്വീകരിച്ചിട്ടുള്ള പുനർവായ്പാ സ്ഥാപനങ്ങൾ മുൻകൂറായി സ്വീകരിക്കുന്നില്ല. കടപ്പത്രങ്ങൾ വഴിയായി കോർപ്പറേഷനുള്ള കടബാധ്യത 218 കോടിരൂപയോളം വരും. ഈ കടപ്പത്രങ്ങളുടെ പലിശ നിരക്ക് വളരെ ഉയർന്നതും കോർപ്പറേഷൻ ഇപ്പോൾ പുതിയ ഇടപാടുകാരിൽ നിന്നും ഈടാക്കുന്ന നിരക്കിലും അധികവുമാണ്. കോർപ്പറേഷൻ പല തവണ കടപ്പത്രങ്ങളുടെ ഉടമകളായ ബാങ്കുകളോടു കാലാവധിക്കുമുൻപ് തിരിച്ചടയ്ക്കുവാൻ അനുവാദം ആവശ്യപ്പെട്ടെങ്കിലും അവർ ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷന്റെ (ഐ. ബി. എ.) സർക്കുലർ പ്രകാരമുള്ള പ്രീമിയം (ഏകദേശം 34 കോടി രൂപ ആവശ്യപ്പെട്ടു).

കാലാവധിക്കു മുൻപ് വായ്പാ തുക അടയ്ക്കുന്നതിന് പ്രീമിയം ബാങ്കിംഗ് ധനകാര്യമേഖല തുടർന്നു വരുന്ന ഒരു നയമാണ്. മുൻപു പറഞ്ഞ രീതിയിൽ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കുമുണ്ടാകുന്ന നഷ്ടം നികത്തുവാനാണ് ഇത് ചുമത്തുന്നത്. കൂടാതെ മേൽപ്പറഞ്ഞ കാര്യം ഇടപാടുകാരുമായിട്ടുള്ള വ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

(സി) മേൽപ്പറഞ്ഞ കാരണങ്ങളാൽ നയം മാറ്റം കോർപ്പറേഷന് സാമ്പത്തിക പ്രതിസന്ധി ഉളവാക്കും. ആയതിനാൽ ഇപ്പോഴത്തെ അവസ്ഥയിൽ പ്രാവർത്തികമല്ല.

GPM. 2/359/2012.—11

LIBRARY ARCHIVES Kerala Legislative Assembly